# പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5379** **06/07/2012 ൽ മറുപടിക്ക്**

**ജില്ലാ-താലൂക്ക് ആശുപത്രികളിൽ ക്യാൻസർ രോഗ നിർണ്ണയ കേന്ദ്രങ്ങൾ**

**ചോദ്യം** **മറുപടി**

**ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മാരക രോഗങ്ങളായ ക്യാൻസർ, കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ക്യാൻസർ രോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ച കണക്കുകളുടെ വിശദാംശം നൽകുമോ; | (ബി) | ആർ.സി.സി.യിലും എം.സി.സി.യിലും ചികിത്സതേടിയെത്തുന്ന കാൻസർ രോഗികളുടെ വിവരം ചുവടെ ചേർക്കുന്നു. ആരോഗ്യ വകുപ്പിൽ കാൻസർ രോഗികളുടെ കണക്കുകൾ ലഭ്യമല്ല.<br><br>**ആർ.സി.സി**<br>2009-10 - 13040<br>2010-11 - 13230<br>2011-12 - 14287<br><br>**എം.സി.സി**<br>2008 - 17344<br>2009 - 25367<br>2010 - 36824<br><br>ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ ചികിത്സയ്ക്കെത്തിയ കഴിഞ്ഞ മൂന്ന് വർഷത്തെ ക്ഷയം, കുഷ്ഠം രോഗികളുടെ കണക്കുകൾ<br><br>**ക്ഷയരോഗികൾ**<br>2009 - 27118<br>2010 - 27019<br>2011 - 26121 |

| | | | |
|---|---|---|---|
| | | | **കഷ്ണ രോഗികൾ**<br>2009 -10 - 884<br>2010 -11 - 877<br>2011 -12 - 872 |
| (സി) | ക്യാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികളിലും ക്യാൻസർ രോഗനിർണ്ണയ കേന്ദ്രങ്ങൾ ആരംഭിക്കുമോ; | (സി) | മെഡിക്കൽ കോളേജുകൾ, ആർ.സി.സി, എം.സി.സി എന്നീ സ്ഥാപനങ്ങൾ ഇല്ലാത്ത ഏഴ് ജില്ലകളിലെ ജില്ല/ജനറൽ ആശുപത്രകളിൽ കാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായിപുതിയ കാൻസർ കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 18/06/2012 ലെ ജി.ഒ(ആർ.റ്റി) 2019/2012/ആ.കു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വർദ്ധിപ്പിച്ച നിരക്കിലുള്ള ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ എന്ന് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ഡി) & (ഇ) | ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ തുക വരുമാനപരിധി എന്നിവ വർദ്ധിപ്പിക്കുന്നകാര്യം പരിഗണിച്ചു വരുന്നു. നിലവിലെ വാർഷിക വരുമാനപരിധി 2400/- രൂപയാണ്. |
| (ഇ) | ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ ലഭിക്കുന്നതിന് നിലവിലുള്ള വരുമാനപരിധി എത്രയാണ്; അതു വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ